# നീളത്തിലോടുന്ന നിഘണ്ടു

ഓർമ്മയുടെ സൈക്കിൾ

ഡോ. പ്രസാദ്



പത്തനംതിട്ട ജില്ലയിലെ വായാപൂര് എന്ന ഗ്രാമത്തിലായിരുന്നു കുട്ടിക്കാലം കളിച്ച് തിമിർത്തത്. നാടുവിട്ടുപോയിട്ടും ഓരോ വെക്കേഷനും ചെലവഴിക്കാൻ അവിടെത്തന്നെ എത്തിച്ചേരുമായിരുന്നു. ഗ്രാമത്തിന്റെ ജീവവാഹിയാണ്. മണിമലയാറ്. തെളിഞ്ഞ വെള്ളം. പവിഴം പോലെ മണൽ. കുളിക്കാനും നനയ്ക്കാനുമെത്തുന്നവർ മണലിൽ കുഴിമാന്തിയിട്ട് ആ വെള്ളമാണ് കുടിച്ചിരുന്നത്. പുഴയുടെ മണപ്പുറം നാടിന്റെ സാംസ്കാരിക സംഗമകേന്ദ്രം കൂടിയാണ്.

മണിമലയാറിന്റെ കരയിൽ തറവാടായ മംഗലത്ത് കുടുംബം. ഏക്കറുകണക്കിനു സ്ഥലം. തറവാട്ടുമുറ്റം മുതൽ പുഴക്കര വരെ ഹൈവേപോലെ വിശാലമായ നേർവഴി. പുഴയ്ക്കരികിൽ കളപ്പുര. അവിടെ നിന്നും താഴേയ്ക്കു പടവുകൾ. അതുപുഴയിലേക്കിറങ്ങുന്നു. മൂടിയ മരത്തലപ്പുകൾ.

മുറ്റത്തുനിന്നും കുളിക്കടവുവരെ നീളുന്ന വിശാലമായ, നിരപ്പായ ആ വഴിയിൽ എപ്പോഴും തണലുവീണു കിടക്കും. സ്പോഞ്ചു പോലുള്ള പായൽമൂടി മൃദുവായ സ്ഥലമാണത്. വീണാലും ഉരുണ്ടാലും സുഖം. പരുക്കില്ല. ചെളിയില്ല. നാട്ടുകാരായ കുട്ടികളൊക്കെ ആദ്യം സൈക്കിൾ 'കേറ്റം' പഠിച്ചത് അവിടെ വച്ചാണ്.

ചന്തയിലുള്ള സൈക്കിളമ്മാവന്റെ കടയിൽ നിന്നും 'അര സൈക്കിൾ' വാടകയ്ക്കെടുക്കും. മണിക്കൂറിന് 20 പൈസ. ഊഴം വച്ചാണ് കയറുക. ആർക്കും തൃപ്തിയാകില്ല.

അച്ഛനുണ്ടായിരുന്ന ഹീറോ സൈക്കിളിൽ എനിക്കായി ഒരു കുഞ്ഞു സീറ്റും ഫുട് റെസ്റ്റുമുണ്ടായിരുന്നു. അച്ഛനെക്കാളേറെ ആ സൈക്കിളിൽ എന്നെ കയറ്റി നടന്നത് ഓമനക്കുട്ടൻ ചിറ്റപ്പനായിരുന്നു. അച്ഛന്റെ ഏറ്റവും ഇളയ അനുജൻ. അദ്ദേഹത്തിന്റെ നേരെ മൂത്തചേട്ടനായ ബാബുചിറ്റപ്പൻ സൈക്കിൾ മേടിക്കുന്ന കാലം വരെ കാത്തിരിക്കേണ്ടിവന്നു എന്റെ സൈക്കിൾ പഠനം പൂർത്തിയാകാൻ. 1979ലാണ്. നല്ല ഒന്നാംതരം റാലി സൈക്കിൾ. വയർ ബ്രേക്കുള്ള നീല സുന്ദരൻ. ആദ്യം കമ്പിക്കിടയിലൂടെ കാലിട്ടായിരുന്നു സവാരി. പിന്നെ പിന്നിലെ കാരിയറി

**മഴ പെയ്യുമ്പോൾ വീണ്ടും ആ പഴയ കാലം വരും. കൈത്തോടുകൾ, ഉറവകൾ, പുഴവെള്ളം,**
**തോട്ടിലെ മീനുകൾ, കാപ്പിയുടെയും, കാശാവിന്റെയും മണങ്ങൾ**
**അങ്ങനെ എല്ലാം തിരിച്ചുവരും.**
**അങ്ങനെ ഒരു മഴക്കാലത്ത് ഞാനാവഴികളിലൂടെ**
**ഒരു സൈക്കിൾ യാത്ര നടത്തി.**
**ഇരുപത് വർഷത്തിനു ശേഷം.**

ലിരുന്ന്. പിന്നെ മാറിയിരുന്നു ചവിട്ടി. അവസാനം സീറ്റിലിരുന്നു ചവിട്ടി. ഒരാഴ്ച കൊണ്ട് ഭേദപ്പെട്ട സൈക്കിൾ സവാരിക്കാരനായി. പഠനം കഴിഞ്ഞപ്പോഴേയ്ക്കും സൈക്കിളിന് ചില്ലറ തകരാറൊക്കെ പറ്റിയിരുന്നു. ബ്രേക്ക് നഷ്ടപ്പെട്ടതായിരുന്നു പ്രധാനം. ബെല്ലാണെങ്കിൽ ഒരു വീഴ്ചയിൽ പെട്ട് സർവീസിൽ നിന്ന് വിരമിക്കുകയും ചെയ്തിരുന്നു.

ചിറ്റപ്പൻ പതിവുപോലെ മാർക്കറ്റിൽ പോകാൻ സൈക്കിളെടുത്തിറങ്ങി. കുളങ്ങരക്കാവ് അമ്പലത്തിനടുത്തുള്ള ഇറക്കവും വളവും സൈക്കിൾയാത്രക്കാരുടെ പേടിസ്വപ്നമാണ്. അന്നാണെങ്കിൽ ടാറിംഗും ഇല്ല. ഇറക്കമിറങ്ങുമ്പോൾ അദ്ദേഹം ബ്രേക്കുപിടിച്ചു. എന്തു ബ്രേയ്ക്ക്! വണ്ടി കുത്തനെ പാഞ്ഞു. താഴെ വളവാണ്. വളവിനപ്പുറത്തുനിന്നും സ്ത്രീകളുടെ ഒരു കൂട്ടം നടന്നു വരുന്നുണ്ട്. വർത്തമാനം കേൾക്കാം. ബെല്ലടിച്ചാലും മാറിത്തരാത്ത ആൾക്കാരാണ്. ചിറ്റപ്പൻ ഒരു ബുദ്ധി പ്രയോഗിച്ചു. കയ്യിലിരുന്ന (സൈക്കിളിൽ തൂക്കിയിട്ടിരുന്ന) ആറു ബാറ്ററിയിട്ട റ്റോർച്ച് താഴേയ്ക്കു വലിച്ചെറിഞ്ഞു. കക്ഷി ഓമനിച്ചു കൊണ്ടു നടന്ന റ്റോർച്ച് ആണ്. അതുവന്നു വീണപ്പോൾ കാൽനടക്കാർ ഭയന്ന് വഴിമാറി. സൈക്കിൾ കടന്നുപോയി. നിർത്താതെ.

കാൽ നടക്കാരുടെ സംഘത്തിലുണ്ടായിരുന്ന രത്നമ്മ അപ്പച്ചി റ്റോർച്ച് കൊണ്ടു വന്ന് വീട്ടിൽ കൊടുത്തു. ബാബു നിർത്താതെ പോയി എന്നും റ്റോർച്ച് താഴെ വീണത് അറിഞ്ഞില്ല. എന്നും പരിഭവം പറയുകയും ചെയ്തു. രാത്രിയിൽ ചിറ്റപ്പൻ വന്നശേഷമാണ് എല്ലാവരും നിജസ്ഥിതി അറിഞ്ഞത് എന്നു മാത്രം.

ഇപ്പോൾ ആ സ്ഥലമൊക്കെ മാറി. ടാറിട്ട റോഡുകൾ. ടെറസ് വീടുകൾ. എല്ലാവരും സൈക്കിൾ കയറ്റം പഠിയ്ക്കുന്ന ആ സ്ഥലത്തെ പായൽ ചെത്തിനീക്കി അവിടെ കൃഷിയിട്ടിരിക്കുന്നു. ചെറിയ ഒരു വഴിമാത്രമാണതിപ്പോൾ. അമ്പലം പോലും പഴയ നൈർമ്മല്യം കളഞ്ഞ് കോൺക്രീറ്റുകൂടായി മാറി.

പക്ഷെ, മഴ പെയ്യുമ്പോൾ വീണ്ടും ആ പഴയ കാലം വരും. കൈത്തോടുകൾ, ഉറവകൾ, പുഴവെള്ളം, തോട്ടിലെ മീനുകൾ, കാപ്പിയുടെയും, കാശാവിന്റെയും മണങ്ങൾ അങ്ങനെ എല്ലാം തിരിച്ചുവരും. അങ്ങനെ ഒരു മഴക്കാലത്ത് ഞാനാവഴികളിലൂടെ ഒരു സൈക്കിൾ യാത്ര നടത്തി. ഇരുപത് വർഷത്തിനു ശേഷം. കയറ്റങ്ങളിൽ സൈക്കിൾ ഉന്തി. റോഡിനെ മുറിച്ചൊഴുകുന്ന അരുവികളിൽ കൂടി സൈക്കിൾ തള്ളിനീക്കുമ്പോൾ ആ പഴയ കല്ലുകൾ പോലും ഞാൻ തിരിച്ചറിഞ്ഞു. ഞാനിരിക്കാറുണ്ടായിരുന്ന പാറയും കാപ്പിക്കമ്പും ഒക്കെ അവിടുണ്ട്.

തൃച്ചേപ്പുറം ശിവക്ഷേത്രത്തിലേക്കുള്ള യാത്ര കുന്നുകയറി പറയും മലയും കടന്ന് ഇടയ്ക്ക് വിശ്രമിക്കാറുണ്ടായിരുന്ന ഹാജിയാരുടെ വീട് അങ്ങനെതന്നെയുണ്ട്. അവിടുത്തെ ഉമ്മയും ഒക്കെ എവിടെ ? വീട് ഒഴിഞ്ഞു കിടക്കുന്നു.

ആൾപ്പാർപ്പ് കുറഞ്ഞ മലയിലൂടെ സൈക്കിൾ ചവുട്ടിപ്പോയി. ഇടയ്ക്ക് പുല്ലിൽ വെറുതെ ഇരുന്നു. കിടന്നു. സൈക്കിൾ പാറമേൽ ചാരിവച്ചിരുന്നു.

ഇതേപോലെ ഒരു ഞൊടിയിട, ഇതേ സ്ഥലത്ത്, ഇതേ സൈക്കിൾ, ഇതേ ആകാശം ഒക്കെ ആവർത്തിച്ചിട്ടുണ്ടെന്ന് ഒരു തോന്നൽ പെട്ടെന്നു മനസ്സിൽ മിന്നി.

ഈയിടെ നടൻ ഗോപാലനും സുഹൃത്തുക്കളും സൈക്കിളിൽ കേരളം ചുറ്റിയ കഥ കേട്ടപ്പോൾ ഞാൻ എന്റെ സൈക്കിൾ ജീവിതം ഓർത്തു. സൈക്കിളിൽ കയറാൻ വേണ്ടി ഉണർന്ന, യാത്ര ചെയ്ത കാലം. ആലപ്പുഴ മുഴുവൻ സൈക്കിളിൽ ചുറ്റിയത്. സ്വന്തമായി സൈക്കിളുണ്ടായത് അങ്ങനെ പലതും. പക്ഷെ, സൈക്കിൾ പഠിച്ചു തുടങ്ങുന്നതാണ് ഏറ്റവും പ്രധാനം എന്നു ഞാൻ വിശ്വസിക്കുന്നു.

'മഴവിൽക്കാവടി'യിൽ ജയറാം സിതാരയെ മുന്നിലിരുത്തി സൈക്കിൾ ചവിട്ടുന്നു. 'മീശമാധവനിൽ' ദിലീപ് കാവ്യയുമായി. ഇത്തരമൊരു പ്രണയ സ്പന്ദനം കാണുംമുമ്പ് സൈക്കിളിന്നടുത്തേയ്ക്കു ജീവിതം വളർന്നു പോയിരുന്നു. എങ്കിലും സന്തോഷം - സത്യൻ അന്തിക്കാടിന്റെ സിനിമയിലെങ്കിലും പ്രണയികൾ സൈക്കിളിന്റെ റൊമാന്റിക് മുഖം അറിയിക്കുന്നുണ്ടല്ലോ.

സൈക്കിൾ ഒരു ഡിക്ഷ്ണറി കൂടിയായിരുന്നു ഞങ്ങൾക്ക്. പഞ്ചർ, സൂചിപ്പഞ്ചർ, ടയർ, റിം, ഹാൻഡിൽ, ഡൈനാമോ, കാരിയർ, ലോഡ്, പെഡൽ, പമ്പ്, തുടങ്ങി 'ജൂനിയേഴ്സി'നെക്കാൾ ഞങ്ങളെ 'ഞങ്ങളെ വലുതാ'ക്കുന്ന ഒത്തിരി അറിവുകൾ 'നീളത്തിലോടുന്ന' ഈ നിഘണ്ടു പഠിപ്പിച്ചു തന്നു. ●